"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - ബെവ്കോ ജീവനക്കാര്യം - ശ്രീ.മുകേഷ് കെ.എം., സെമി സ്കിൽഡ് വർക്കർ, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് - കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.496/2024/TAXES　　തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-

1. 17.01.2023 ലെ സ.ഉ (സാധാ) 44/2023/നികുതി.
2. ശ്രീ.മുകേഷ് കെ.എം. 08.11.2023 ൽ സമർപ്പിച്ച അപേക്ഷ.
3. കേരള ഇലക്ട്രിക്കൽ & എലീഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് ജനറൽ മാനേജർ (P&A) യുടെ 06.11.2023 ലെ GMPA/70/1033/23നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
4. കെ.എസ്സ്.ബി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 16.03.2024 ലെ 8919/AS2/EXT/KSBC/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വ്യവസായ വകുപ്പിന് കീഴിലുള്ള കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്- ലെ സെമി സ്കിൽഡ് വർക്കർ, ശ്രീ.മുകേഷ് കെ.എം- നെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ തൃശ്ശൂർ ജില്ലയിലുള്ള ഔട്ട് ലെറ്റിൽ ഓഫീസ് അറ്റൻഡന്റ് / ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത അന്യത്ര സേവനം 31.01.2024 ൽ പൂർത്തിയായതിനാൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ശ്രീ.മുകേഷ് കെ.എം പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ശ്രീ.മുകേഷ് കെ.എം ന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് മാതൃസ്ഥാപനമായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് പരാമർശം (3) പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ടി ജീവനക്കാരന്റെ അന്യത്ര സേവന കാലാവധി 01.02.2024 മുതൽ 1 വർഷം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം 4 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് -ലെ സെമി സ്കിൽഡ് വർക്കർ, ശ്രീ.മുകേഷ് കെ.എം- ന്റെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി 01.02.2024 മുതൽ ഒരു വർഷത്തേയ്ക്കോ, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ എന്ന ക്രമത്തിൽ ദീർഘിപ്പിക്കുന്നതിന്

ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്ന പെർഫോമൻസ് ഇൻസെന്റീവ്/എക്സ്ഗ്രേഷ്യ-യ്ക്ക് ശ്രീ.മുകേഷ് കെ.എം അർഹനാകുന്നതല്ല. 01.02.2024 മുതൽ ഒരു വർഷം തികയുന്ന / പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടക്കുന്ന മുറയ്ക്ക് ടിയാനെ മാതൃവകുപ്പിലേയ്ക്ക് ബിവറേജസ് കോർപ്പറേഷൻ & മാനേജിംഗ് ഡയറക്ടർ വിടുതൽ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചന്ദ്രഗോപൻ എസ്
അണ്ടർ സെക്രട്ടറി

പകർപ്പ്

1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്സ് ബി.സി, ബെവ്കോ ടവർ, വികാസ് ഭവൻ പി.ഒ. പാളയം, തിരുവനന്തപുരം.

2) ജനറൽ മാനേജർ (P&A), കേരള ഇലക്ട്രിക്കൽ & എലീഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, 7th Floor, ഹൗസിംഗ് ബോർഡ് ഓഫീസ് കോംപ്ലക്സ്, പനമ്പള്ളി നഗർ, കൊച്ചി- 682 036.

3) ബന്ധപ്പെട്ട ജീവനക്കാരന്. (കെ.എസ്സ്.ബി.സി മുഖാന്തിരം)

4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

5) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

6) വെബ്ബ് ആന്റ് ന്യൂ മീഡിയ

7) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (എ2/73/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 10-06-2024 13:04:22